LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം

48 (740) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, കാരുണ്യ ഫാർമസി എന്നിവ ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

ഡെന്റൽ മെക്കാനിക് തസ്തിക

49 (741) ശ്രീ. കെ.വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ മെക്കാനിക് തസ്തികയിൽ ഗവൺമെന്റ് ദന്താശുപത്രികളിൽ നിലവിലുള്ള ഒഴിവുകൾ എത്ര ; അവ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ ;

(ബി) നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്താൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) രണ്ട് ഒഴിവുകൾ. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.